**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6184** **02/04/2018-ൽ മറുപടിയ്ക്ക്**

## സഹകരണ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഷെയർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റെയ്ഡ്കോ, റബ്കോ എന്നീ സഹകരണ സ്ഥാപനങ്ങളിൽ ഓരോന്നിലും സംസ്ഥാന സർക്കാരിന്റെ എത്ര ശതമാനം ഷെയറാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിൽ 43.34 ശതമാനവും, റബ്കോയിൽ 85.7 ശതമാനവും, റെയ്ഡ്കോയിൽ 98.74 ശതമാനവും ഓഹരിയാണ് സംസ്ഥാന സർക്കാരിനുള്ളത്. |
| (ബി) | സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റെയ്ഡ്കോ, റബ്കോ എന്നീ സഹകരണ സ്ഥാപനങ്ങളിൽ ഏതെല്ലാം വർഷത്തിലാണ് ഷെയർ വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കിൽ 2011-12 വർഷത്തിലും, റബ്കോയിൽ 1998, 1999, 2000, 2002, 2008, 2010 എന്നീ വർഷങ്ങളിലും റെയ്ഡ്കോയിൽ 2011-12 വർഷങ്ങളിലുമാണ് സർക്കാർ ഓഹരി വർദ്ധിപ്പിച്ചത്. |
| (സി) | 75% കൂടുതൽ സർക്കാർ ഷെയർ ഉള്ള സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; അതിന്റെ പേരുവിവരം വ്യക്തമാക്കാമോ? | (സി) | 75% ൽ കൂടുതൽ സർക്കാർ ഓഹരിയുള്ള സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന 9 സഹകരണ സ്ഥാപനങ്ങൾ ഉണ്ട്. അവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു:<br>1) കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്)<br>2) കേരള സംസ്ഥാന സഹകരണ പട്ടികജാതി/ പട്ടിക വർഗ്ഗ വികസന ഫെഡറേഷൻ (എസ്.സി/എസ്.റ്റി ഫെഡറേഷൻ)<br>3) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്)<br>4) കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷൻ (വനിത ഫെഡ്)<br>5) കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്)<br>6) കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്)<br>7) കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് (റബ്കോ)<br>8) റീജണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള (റെയ്ഡ്കോ)<br>9) കേരള ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.4418-ഇടുക്കി |

**സെക്ഷൻ ഓഫീസർ**